# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ജലസുരക്ഷാപദ്ധതി</u>

2409 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസുരക്ഷാപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ കുടിവെള്ളസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>നല്ലനാട്, നല്ലവെള്ളം പദ്ധതി</u>

2410 ശ്രീ. പി. എ. മാധവൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നല്ലനാട്, നല്ലവെള്ളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ജലസേചന വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം</u>

2411 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) കരാറുകാർ തമ്മിലുള്ള അവിഹിത കൂട്ടുകെട്ടും അഴിമതിയും ഒഴിവാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണ കമ്പനി</u>

2412 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിന് കമ്പനി രൂപീകരിക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ ;

(സി) പ്രസ്തുത കമ്പനിയുടെ ഓഹരി പങ്കാളിത്തത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനത്തിനുള്ള ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>നബാർഡിന്റെ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി</u>

2413 ശ്രീ. കെ. മുരളീധരൻ
,, സി. പി. മുഹമ്മദ്
,, എം. എ. വാഹീദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) നബാർഡ് പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് സഹായം നൽകുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ഡാമുകളുടെ ആഴം കൂട്ടാൻ നടപടി</u>

2414

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ചുള്ളിയാർ, മീങ്കര ഡാമുകളിലെ ജലനിരപ്പ് വളരെ താഴ്ന്നതിന്റെ ഫലമായി രൂക്ഷമായ കുടിവെള്ളക്ഷാമവും, കൃഷിനാശവും ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലവർഷത്തിൽ പ്രസ്തുത ഡാമുകളിലെ വെള്ളം പുഴയിലേക്ക് ഒഴുക്കിവിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മഴക്കാലങ്ങളിൽ ഒഴുകിവരുന്ന വെള്ളം സംഭരിക്കുന്നതിന് ഡാമുകളുടെ ആഴം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഡാമുകളുടെ ആഴം കൂട്ടുന്നതിനായുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ഡാമുകളുടെ നിലവിലുള്ള സംഭരണശേഷിയും, ആഴം കൂട്ടിയാൽ എത്രത്തോളം വെള്ളം സംഭരിക്കാൻ കഴിയുമെന്നതും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

കേരള ഡാം സുരക്ഷാ അതോറിറ്റി

2415 ശ്രീ. ഇ. പി. ജയരാജൻ
,, കെ. രാധാകൃഷ്ണൻ
,, എം. ഹംസ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഡാമുകളിലാണ് കേരള ഡാം സുരക്ഷാ അതോറിറ്റി നേരിട്ട് പരിശോധന നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിശദമായ പഠനത്തിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ ഡാം സുരക്ഷാ അതോറിറ്റി എന്തെല്ലാം ശുപാർശകളാണ് നൽകിയിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) പ്രസ്തുത ശുപാർശകൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കേരള ഡാം സുരക്ഷാ അതോറിറ്റിയുടെ പ്രവര്‍ത്തനം</u>

2416 ശ്രീ. കെ. കെ. ജയചന്ദ്രന്‍
,, എസ്. രാജേന്ദ്രന്‍
,, എം. ചന്ദ്രന്‍
,, സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള ഡാം സുരക്ഷാ അതോറിറ്റിയുടെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്താറുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷാക്രമീകരണങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോര്‍ട്ടു സമര്‍പ്പിക്കുവാന്‍ ഇറിഗേഷന്‍ വകുപ്പ്, വൈദ്യുതി ബോര്‍ഡ്, വാട്ടര്‍ അതോറിറ്റി എന്നിവയോട് ഡാം സുരക്ഷാ അതോറിറ്റി ആവശ്യപ്പെട്ടിരുന്നോ; വിശദാംശം നല്‍കുമോ;

(സി) പ്രസ്തുത വകുപ്പുകള്‍ പഠന റിപ്പോര്‍ട്ട് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ സര്‍ക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; റിപ്പോര്‍ട്ടുകളുടെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോര്‍ട്ടുകളുടെ അടിസ്ഥാനത്തില്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചുവെന്നറിയിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>നദീതടവികസന അതോറിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

2417 ശ്രീ.എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദീതടവികസന അതോറിറ്റികളുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) പ്രസ്തുത അതോറിറ്റികളിലെ നിലവിലുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) നദീതടവികസനത്തിനും സംരക്ഷണത്തിനും 2007 മുതൽ 2013 ഫെബ്രുവരി വരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും പ്രസ്തുത തുക ചെലവഴിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും അറിയിക്കുമോ;

(ഡി) 2007 മുതൽ 2013 ഫെബ്രുവരി വരെ പ്രസ്തുത ഇനത്തിൽ കോടിക്കണക്കിനു രൂപ അനാവശ്യമായി ചെലവഴിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) നദീതടവികസനത്തിനും സംരക്ഷണത്തിനും ചെലവാക്കുന്ന തുകയുടെ ഓഡിറ്റ് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

ജലനിധി രണ്ടാംഘട്ട പദ്ധതി

2418 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 -2013 വർഷത്തിൽ ജലവിഭവ വകുപ്പു മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ പദ്ധതികൾ പുഖരാഗതി നടപ്പാക്കുമോ;

(സി) 2013-2014 വർഷത്തിൽ ജലവിഭവ പകുപ്പു മുഖേന നടപ്പാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ഉപ്പുവെള്ള ശുദ്ധീകരണ പ്ലാന്റുകൾ</u>

2419 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾക്ക് പകരം സംവിധാനങ്ങൾ കണ്ടെത്താൻ പദ്ധതി ആവിഷ്ക്കരിക്കുമോ;

(ബി) കടലിലെയും കായലിലെയും വെള്ളം ശുദ്ധീകരിച്ചുപയോഗിക്കാനുള്ള പദ്ധതികൾ സംസ്ഥാനത്തു നിലവിലുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്നറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഉപ്പുവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കാനുള്ള സംവിധാനങ്ങളോടുകൂടിയ പ്ലാന്റുകൾ സ്ഥാപിക്കുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>പൈപ്പുപൊട്ടലിനെക്കുറിച്ചുള്ള അന്വേഷണം</u>

2420 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തലസ്ഥാന നഗരിയിലേക്ക് കുടിവെള്ളമെത്തിക്കുന്ന പൈപ്പുകൾ പൊട്ടി ജലവിതരണം മുടങ്ങിയ എത്ര സംഭവങ്ങളുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തുടർച്ചയായുള്ള പൈപ്പുപൊട്ടലിനെക്കുറിച്ചന്വേഷിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നും അന്വേഷണം എന്നാണ് ആരംഭിച്ചതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) ജലവിതരണം മുടങ്ങിയ അവസരങ്ങളിൽ സ്വീകരിച്ച ബദൽ നടപടികളെന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ശുദ്ധജല വിതരണം തടസ്സപ്പെട്ടതിനെക്കുറിച്ചുള്ള അന്വേഷണം</u>

2421 ശ്രീ.പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റുകാൽ പൊങ്കാല ദിവസം തിരുവനന്തപുരത്ത് ശുദ്ധജലവിതരണ സംവിധാനം തകർക്കാൻ അട്ടിമറി നടന്നതായി കരുതുന്നുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ തീവ്രവാദികളുടെ പങ്ക് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് വാട്ടർ അതോറിറ്റി പോലീസിൽ പരാതി നൽകിയിട്ടുണ്ടോ;

(ഡി) പോലീസിൽ പരാതി നൽകുന്നതിനു പകരം മറ്റു സംവിധാനത്തെ അന്വേഷണച്ചുമതല ഏല്പിക്കാനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ജപ്പാൻ കുടിവെള്ള പൈപ്പ്ലൈൻ പൊട്ടൽ</u>

2422

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ എവിടെയെങ്കിലും പൊട്ടിയിട്ടുണ്ടോ; എങ്കിൽ എവിടെയാണെന്നും എന്നാണെന്നും വ്യക്തമാക്കുമോ;

(ബി) അടുത്ത കാലത്ത് സ്ഥാപിതമായ ജപ്പാൻ കുടിവെള്ള പൈപ്പ്ലൈൻ പൊട്ടാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പൊതുകുളങ്ങളുടെ പുനരുദ്ധാരണം</u>

2423 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുകുളങ്ങൾ പുരുദ്ധരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ പൊതുകുളങ്ങൾ പുനരുദ്ധരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>നദികളിൽ കടൽവെള്ളം കയറുന്നതുമൂലമുള്ള ദോഷങ്ങൾ</u>

2424

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, സി. മോയിൻകുട്ടി
,, എൻ. എ. നെല്ലിക്കുന്ന്
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ കടൽ ജലം നദിയുടെ ഉള്ളിൽ വളരെ ദൂരത്തോളം തള്ളിക്കയറുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുളള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥിതിവിശേഷം കൊണ്ടുണ്ടാകാവുന്ന ഗുണദോഷങ്ങളെക്കുറിച്ച് ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നല്കുമോ;

(ഡി) അതുമൂലമുണ്ടാകാവുന്ന ദോഷങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നടപടി പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കായലുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി</u>

2425 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
'' കെ. എം. ഷാജി
'' എൻ. ഷംസുദ്ദീൻ
'' വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകളുടെ ആഴം വർദ്ധിപ്പിച്ച് കായൽത്തീരങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) പ്രധാന കായലുകൾ സഞ്ചാരയോഗ്യമാക്കുന്നതിനായി അവയിലെ ആഴക്കുറവ്, കളകളും പായലുകളും എന്നിവയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കുളങ്ങൾ നവീകരിക്കുവാൻവേണ്ടി അനുവദിച്ച തുക</u>

2426 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിമ്മൂന്നാം ധനകാര്യക്കമ്മീഷൻ കുളങ്ങൾ നവീകരിക്കുവാൻ വേണ്ടി 2012-2013 സാമ്പത്തികവർഷം എത്ര തുക അനുവദിച്ചു വെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയ്ക്കും പ്രസ്തുതപദ്ധതിയിലുൾപ്പെടുത്തി എത്ര തുക അനുവദിക്കുകയുണ്ടായെന്നു വ്യക്തമാക്കുമോ;

(സി) കണ്ണൂർ ജില്ലയിൽ പ്രസ്തുതപദ്ധതി പ്രകാരം അനുവദിച്ച തുക ഏതെല്ലാം കുളങ്ങളുടെ നവീകരണത്തിനായാണു നൽകിയതെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുതപദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേന യാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ആനപ്പാറ കനാൽ റോഡ്</u>

2427 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ആനപ്പാറ കനാൽ റോഡ് മുട്ടിൽ ഗ്രാമപഞ്ചായത്തിനു കൈമാറണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനം സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഫയൽ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് ഫയൽ നമ്പറുകൾ സഹിതം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കനാൽ റോഡ് പഞ്ചായത്തിനു കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

മണ്ണിടിച്ചിലുണ്ടായി പുരയിടം നശിക്കുന്നത് തടയാൻ നടപടി

2428 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, പൂവമ്പാറ ആറ്റിൽ തടയണ നിർമ്മിച്ചതിനെത്തുടർന്ന് തടയണയ്ക്കു സമീപമുള്ള സ്വകാര്യ വ്യക്തിയുടെ പുരയിടം പാർശ്വഭിത്തി കെട്ടാത്തതു കാരണം മഴക്കാലത്ത് മണ്ണിടിച്ചിലുണ്ടായി നശിക്കുന്നത് തടയാൻ നൽകിയ നിവേദനത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഇതിനാവശ്യമായ പദ്ധതി പരഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിക്കുന്നതിന് തടസമെന്തെങ്കിലും ഉണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ആയിപ്പുഴ തടയണ നിർമ്മാണം</u>

2429 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കൂടാളി പഞ്ചായത്തിൽ ഉൾപ്പെടുന്ന ആയിപ്പുഴ തടയണ കെട്ടുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയതെന്നാണെന്നറി
യിക്കുമോ;

(ബി) ആയിപ്പുഴ തടയണയുടെ വിശദമായ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടോ;

(സി) എന്തു തുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചതെന്നും ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) നബാർഡിന്റെ ധനസഹായത്തിനായി സമർപ്പിച്ച പദ്ധതികളിൽ ആയിപ്പുഴ തടയണ ഉൾപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കുകയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിർമ്മിക്കുന്ന തടയണകൾ

2430 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എത്ര ചെറുകിട തടയണകൾ നിർമ്മിക്കുന്നതിനാണ് പ്രൊപ്പോസൽ നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഓരോ തടയണയുടെയും നിർമ്മാണം സംബന്ധിച്ചുള്ള വിശദാംശം അറിയിക്കുമോ;

(സി) ഏതെല്ലാം തടയണകൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) നിലവിൽ ഏതെല്ലാം തടയണകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വിവിധ തടയണകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

കൂട്ടിൽമുക്ക്, പൈങ്കുളം, കൊടപ്പാറക്കയം തടയണകളുടെ നിർമ്മാണം

2431 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഭാരതപ്പുഴയ്ക്കു കുറുകെ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിരുന്ന കൂട്ടിൽമുക്ക്, പൈങ്കുളം, കൊടപ്പാറക്കയം തടയണകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിന്റെയും നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഇവയിലേതെങ്കിലും തടയണയുടെ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികളിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അവ എന്തെല്ലാമാണെന്നും എത്ര കാലമായി അവ തടസ്സപ്പെട്ടു കിടക്കുന്നുവെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത തടയണകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

ചിറ്റാരിക്കടവ് റഗുലേറ്റർ - കം - ബ്രിഡ്ജിന്റെ നിർമ്മാണം

2432

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും ഭരണാനുമതി ലഭ്യമാക്കുന്നതിനും പദ്ധതി പൂർത്തിയാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കനാൽ റോഡുകളുടെ പരിഷ്കരണ പ്രവൃത്തികൾ</u>

2433 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കനാൽ റോഡുകളുടെ പരിഷ്കരണ പ്രവൃത്തികൾ നടത്തുന്നതിന് പൊതുമരാമത്തു വകുപ്പിന് അനുമതി നൽകിവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കനാൽ റോഡുകളുടെ പരിഷ്കരണ പ്രവൃത്തികൾക്ക് എം. എൽ.എ ഫണ്ടോ, നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടോ ലഭിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ടുകൾ പ്രസ്തുത പ്രവൃത്തികൾക്ക് ലഭിക്കുകയാണെങ്കിൽ ആയതിന്റെ നടത്തിപ്പു ചുമതല ഏതു വകുപ്പിനാണെന്ന് വ്യക്തമാക്കുമോ;

(ഡി) ജലവിഭവ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം തന്നെയാണോ പ്രസ്തുത റോഡുകളുടെ പരിഷ്കരണപ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുകയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>വട്ടോളി - വില്ല്യാപ്പള്ളി കനാൽറോഡിന്റെ വികസനം</u>

2434 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളിൽ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ വട്ടോളിമുതൽ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ വില്ല്യാപ്പള്ളിവരെ എത്ര കിലോമീറ്റർ റോഡുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ വീതി എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡിൽ എത്ര കിലോമീറ്റർ ടാർചെയ്തുവെന്നും എത്ര കിലോമീറ്റർ സോളിംഗ് മാത്രം ചെയ്തുവെന്നും എത്ര കിലോമീറ്റർ റോഡിന് പണം അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

ﾐﾐ

<u>കോഴിക്കോട് ജില്ലയിലെ കനാൽ ബണ്ട് റോഡുകളുടെ പരിഷ്ക്കരണ പ്രവൃത്തികൾ</u>

2435 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം കനാൽ ബണ്ട് റോഡുകളുടെ പരിഷ്ക്കരണ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതെന്നും ഭരണാനുമതി എപ്പോൾ ലഭിച്ചുവെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണം ആരംഭിച്ചുവെന്നും അവയുടെ പ്രവർത്തന പുരോഗതിയും അറിയിക്കുമോ;

(ഡി) ഇതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനുള്ള കാരണങ്ങളും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>വീട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി</u>

2436 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. സരളകുമാരി, രഞ്ജു ഭവൻ, കുറിഞ്ചിലക്കാട്, മിതൃമ്മല–പി.ഒ എന്ന കാൻസർ രോഗിയുടെ വീട് മണ്ണിടിച്ചിലിൽ നിന്ന് സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ജലവിഭവ വകുപ്പിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി ഫയൽ നമ്പരുകൾ സഹിതം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വ്യക്തിയുടെ വീട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>വാമനപുരം നദിയുടെ പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിനുള്ള നടപടി</u>

2437 ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാമനപുരം നദിയുടെ കരയിടിഞ്ഞതുമൂലം പാലോട് ഫോറസ്റ്റ് റെയിഞ്ചാഫീസിനുമുന്നിൽ നദിക്കരയിലൂടെയുള്ള റോഡിന്റെ പകുതി ഭാഗത്തുകൂടി മാത്രമേ ഗതാഗതം സാദ്ധ്യമാകുന്നുവെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥലത്ത് പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>വടകര–മാഹി കനാലിൽ നിർമ്മിക്കുന്ന പാലങ്ങൾ</u>

2438 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര–മാഹി കനാലിൽ നിർമ്മിക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള 6 പാലങ്ങളും, 50 നടപ്പാലങ്ങളും എവിടെയൊക്കെയാണു നിർമ്മിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും ഓരോന്നിനും എത്ര തുക വീതമാണ് അടങ്കലെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ</u>

2439 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കക്കോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് ട്രിബ്യൂണൽ ബില്ലിന് ഉടൻ അനുമതി നൽകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി മുഖ്യമന്ത്രിക്ക് ഉറപ്പു നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ലാച്ചിമട സമര സമിതി നേതാക്കളോട് പ്ലാച്ചിമട ട്രൈബ്യൂണൽ ബിൽ തന്റെ വകുപ്പിന്റെ പരിധിയിൽപ്പെടുന്നതാണോയെന്ന് പ്രസ്തുത കേന്ദ്രമന്ത്രി സംശയം പ്രകടിപ്പിച്ചതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ കേന്ദ്രാനുമതി</u>

2440

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കക്കോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് ട്രിബ്യൂണൽ ബില്ലിന് കേന്ദ്രം അനുമതി നൽകാത്തത് ഏതെങ്കിലും കേന്ദ്ര മന്ത്രാലയത്തിന്റെ എതിർപ്പിന്റെ പേരിലല്ലെന്നും കൊക്കകോള കമ്പനിയുടെ അഭിഭാഷകരുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണെന്നുമുള്ള ആദിവാസി സംരക്ഷണ സമിതി കൺവീനറുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന് കേന്ദ്രാനുമതി ലഭിക്കാൻ വൈകുന്നതെന്തുകൊണ്ടാണെന്നറിയിക്കുമോ;

(സി) ബില്ലിന് ഇതുവരെ അംഗീകാരം ലഭിക്കാത്തതിനു പിന്നിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ഒത്തുകളിയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ</u>

T 2441

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കക്കോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് ട്രിബ്യൂണൽ ബിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ബിൽ നടപ്പിലാക്കുന്നതു സംബന്ധിച്ചുള്ള നിലവിലെ സ്ഥിതി വിശദമാക്കുമോ ;

(സി) പ്രസ്തുത ബിൽ എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ചാലിയാർ നദീതട അതോറിറ്റി</u>

2442 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒട്ടേറെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ ചാലിയാർ പുഴ മലിനീകരണ വിമുക്തമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ചാലിയാർ നദീതട അതോറിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

2443 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി ജില്ലാ കളക്ടർമാർ മുഖാന്തിരം കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ച ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന 2011-12, 2012-13 വർഷങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ മുഖാന്തിരം വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങളിൽപ്പെടുത്തി 2012-13 ൽ ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ അനുവദിക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

ചവറയിലെ പി. വി. സി. പൈപ്പ് ഫാക്ടറിയുടെ നിർമ്മാണം

2444 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ ചവറ പ്രിമോ പൈപ്പ് ഫാക്ടറിയുടെ സ്ഥലത്ത് പി.വി.സി.പൈപ്പ് ഫാക്ടറി സ്ഥാപിക്കുന്നതിനായി സ്ഥലം അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റി പി. വി. സി. പൈപ്പ് ഫാക്ടറി നിർമ്മാണത്തിനായി തയ്യാറാക്കിയ പദ്ധതിക്ക് അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ചവറ പി. വി. സി പൈപ്പ് ഫാക്ടറിക്കായി അനുവദിച്ച സ്ഥലം മറ്റേതെങ്കിലും ആവശ്യത്തിനായി മാറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ചവറ പി. വി. സി പൈപ്പ് ഫാക്ടറിക്കായി കെട്ടിട നിർമ്മാണത്തിന് കരാർ വിളിച്ചിട്ടുള്ളത് ഏതു ഘട്ടത്തിലാണ്;

(ഇ) ചവറയിലെ പി. വി. സി പൈപ്പ് ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>കായംകുളം കായലിലെ മലിനീകരണം തടയുന്നതിന് നടപടി</u>

2445 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം കായലിൽ മലിനീകരണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**01.04.2013-ലെ മറുപടിക്ക്**

<u>കായംകുളം മണ്ഡലത്തിലെ</u>
<u>വരൾച്ചാദുരിതാശ്വാസപ്രവർത്തനങ്ങൾ</u>

2446 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം നിയോജക മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ജലവിഭവ വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണു നടപ്പാക്കുന്നതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>നബാർഡിന്റെ സഹായത്തോടെ സ്ഥാപിക്കുന്ന പമ്പുസെറ്റുകൾ</u>

2447 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്നതും കാര്യക്ഷമമല്ലാത്തതുമായ പമ്പു സെറ്റുകൾക്കു പകരം പുതിയ പമ്പു സെറ്റുകൾ സ്ഥാപിക്കുന്നതിന് നബാർഡിന്റെ ധനസഹായം ലഭിച്ചിട്ടുള്ളതും 8/4/2011-ൽ ജല അതോറിറ്റി ഭരണാനുമതി നൽകിയിട്ടുള്ളതുമായ അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇതുവരെയും ആരംഭിക്കാൻ കഴിയാത്തതിനുള്ള കാരണം വിശദമാക്കുമോ;

(സി) അതിരൂക്ഷമാകുന്ന വരൾച്ച കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കനാലുകളിൽ നിന്ന് മണൽ വാരുന്നതിനുള്ള അനുവാദം</u>

2448 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കനാലുകളിൽ നിന്നോ ആറുകളിൽ നിന്നോ മണൽ വാരുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണ് പ്രസ്തുത അനുവാദം നൽകിയിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

പേരാമ്പ്ര മണ്ഡലത്തിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ

2449 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ പേരാമ്പ്ര മണ്ഡലത്തിൽ ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവ മുഖേന നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നിനും എന്തുതുക വീതമാണ് അനുവദിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയും നിർമ്മാണം നടന്നുവരുന്നവയും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവയുടെ പേരുവിവരവും ആരംഭിക്കാത്തതിനുള്ള കാരണവും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

ചെറുപുഴയ്ക്കു കുറുകെ തട്ടാരുമണ്ണയിൽ
വി.സി.ബി -കം- ബ്രിഡ്ജ്

2450 ശ്രീ.റ്റി.എ.അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൂട്ടിലങ്ങാടി, കുറുവ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ചെറുപുഴയ്ക്കു കുറുകെ തട്ടാരുമണ്ണയിൽ വി.സി.ബി.-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ മൂന്നുവർഷത്തെ ബഡ്ജറ്റുകളിലും ഭരണാനുമതിയുള്ള പ്രവൃത്തിയായിട്ടും ഇതുവരെ പ്രസ്തുത നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വി.സി.ബി -കം- ബ്രിഡ്ജിന്റെ നിർമ്മാണത്തിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ദൈവമണി കമ്മിഷന്റെ ശുപാർശകൾ</u>

2451 ശ്രീ. സി. ദിവാകരൻ
,, വി. ശശി
,, ജി. എസ്. ജയലാൽ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1997-ൽ പൈപ്പുപൊട്ടി കുടിവെള്ളം മുടങ്ങിയതിനെത്തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തി ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിന് ശ്രീ. ദൈവമണി അദ്ധ്യക്ഷനായി ഒരു കമ്മിഷനെ നിയോഗിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ പ്രസ്തുത കമ്മിഷന്റെ പ്രധാന ശുപാർശകളും കണ്ടെത്തലുകളും എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ശുപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>മക്കരപറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം നിർമ്മിക്കാൻ വിട്ടുകൊടുത്ത ഭൂമി</u>

2452 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ അധീനതയിൽ മലപ്പുറം ജില്ലയിലെ വടക്കാങ്ങര വില്ലേജിലെ ഭൂമിയിൽ നിന്ന് 25 സെന്റ് ഭൂമി മക്കരപറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുകൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനമെടുത്ത യോഗത്തിന്റെ മിനുട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ</u>

2453 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ അംഗീകാരം ലഭിച്ച് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാത്തതുമായ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ</u>

2454 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ജലസേചന വിഭാഗത്തിൽ നിലവിൽ അംഗീകാരം ലഭിച്ച് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും പ്രവൃത്തി ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളും അവയുടെ നിലവിലുള്ള അവസ്ഥയും വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

ചെങ്ങന്നൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ
പ്രവൃത്തികളുടെ വിവരം

2455 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11, 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവ മുഖേന നടപ്പിലാക്കിയതും അനുമതി നൽകിയിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് മുനിസിപ്പാലിറ്റി, പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക, ചെലവാക്കിയ തുക, പൂർത്തീകരിച്ച പ്രവൃത്തികൾ എന്നിവ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ ഏജൻസികൾ വഴിയാണ് നിർവ്വഹിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഏജൻസികളുടെ വിശദാംശങ്ങൾ ഫോൺ നമ്പർ സഹിതം വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തികളിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റി സെക്ഷനുകളെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനർവിഭജിക്കാൻ നടപടി</u>

2456 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പല സെക്ഷനുകളും ഒന്നിലധികൾ നിയോജകമണ്ഡലങ്ങളിൽപെടുന്നതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള വികസനത്തിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി സെക്ഷനുകളെ പുനർവിഭജിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പൊതുമരാമത്ത് നിരത്തുവിഭാഗം ഇത്തരത്തിൽ ക്രമീകരണം നടത്തിയത് മണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹായകമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>തുടർച്ചാനുമതി ലഭിക്കാത്ത തസ്തികകൾ</u>

2457

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ 2012-13 വർഷം തുടർച്ചാനുമതി ലഭിക്കാത്ത എത്ര തസ്തികകൾ നിലവിലുണ്ട്; തുടർച്ചാനുമതി എന്തുകൊണ്ട് നൽകുന്നില്ല എന്നു വ്യക്തമാക്കുമോ;

(ബി) കല്ലട ഇറിഗേഷൻ പ്രോജക്ടിലെ താൽക്കാലിക തസ്തികകൾക്ക് അവസാനമായി തുടർച്ചാനുമതി നൽകിയത് ഏതു വർഷമാണ്; ഇനി എത്ര വർഷം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇറിഗേഷൻ വകുപ്പിലെ എഞ്ചിനീയർ തസ്തികയിൽ ജോലി ചെയ്യുന്ന എത്രപേർക്ക് അവർ ഓപ്റ്റ് ചെയ്തിട്ടും 9-ാം ശമ്പള പരിഷ്കരണം പ്രകാരമുള്ള ശമ്പളം നൽകുന്നില്ലെന്നറിയിക്കുമോ; ആയതിനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ഇറിഗേഷൻ വകുപ്പിന്റെ പുന:സംഘടന</u>

2458

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ ഓരോ വിഭാഗത്തിലും ഇപ്പോൾ എത്ര തസ്തികകൾ വീതമുണ്ട്; പ്രസ്തുത ഓരോ വിഭാഗത്തിലും എത്ര ജീവനക്കാർ വീതമുണ്ടെന്നും, ഒഴിവുകൾ എത്രയുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇറിഗേഷൻ വകുപ്പിൽ നിന്ന് എത്ര മിനിസ്റ്റീരിയൽ ജീവനക്കാരെ എൽ.എസ്.ജി.ഡി. യിലേക്ക് മാറ്റാനുണ്ടെന്നും ആയത് എന്തുകൊണ്ട് നടപ്പാക്കുന്നില്ലെന്നും വ്യക്തമാക്കുമോ;

(സി) ഇറിഗേഷൻ വകുപ്പിന്റെ പുന:സംഘടന എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; ആയത് വൈകുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>മീറ്റർ റീഡർ തസ്തികയിലെ പ്രൊമോഷൻ അനുപാതം</u>

2459 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികയിലെ പ്രൊമോഷൻ അനുപാതം 3:1 എന്ന നിലയിൽ ആക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്;

(ബി) കെ.ഡബ്ല്യൂ.എ/ഐ.ബി/ഇ1-12886/08, തീയതി 30.10.12 നമ്പർ ഫയലിൽ എടുത്ത തുടർനടപടികൾ വിശദമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയിലെ മീറ്റർ റീഡർ, പ്ലംബർ തസ്തികകളിൽ നിലവിലെ ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയിലെ ശമ്പള പരിഷ്കരണം</u>

2460

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 19.01.2012-ലെ കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് എല്ലാ വിഭാഗം ജീവനക്കാർക്കും നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിലെ ഏതെങ്കിലും ഭാഗം ഏതെങ്കിലും വിഭാഗം ജീവനക്കാർക്ക് നടപ്പാക്കാതിരുന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം 01.07.2009 മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (നോൺ കേഡർ) ആയി ഉദ്യോഗക്കയറ്റം കിട്ടേണ്ട എ.എക്സ്.ഇ. മാർക്ക് 3 വർഷത്തെ സീനിയോറിറ്റി നഷ്ടമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) 05.11.2012-ൽ കൂടിയ കേരള വാട്ടർ അതോറിറ്റി ഡയറക്ടർ ബോർഡ് യോഗം കരിയർ അഡ്വാൻസ്മെന്റ് സ്കീം 19.01.2012 മുതൽ നടപ്പിലാക്കിയാൽ മതിയെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനമെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തീരുമാനം 01.07.2009-നും 18.01.2012-നും ഇടയിൽ വിരമിച്ച എ.എക്സ്.ഇ. മാരുടെ സാമ്പത്തിക ആനുകൂല്യം നഷ്ടമാക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത നഷ്ടം നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>എൻ. ജെ. ഫിലിപ്പിന്റെ എൽ. ഡബ്ല്യു. എ. പാസ്സാക്കുന്നതിന് നടപടി</u>

2461 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ ആയി ജോലി നോക്കുന്ന ശ്രീ. എൻ. ജെ. ഫിലിപ്പിന്റെ (കോട്ടയം) എൽ. ഡബ്ല്യു.എ. അപേക്ഷയിൽ കെ. ഡബ്ല്യു. എ. എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എൽ. ഡബ്ല്യു. എ അപേക്ഷകൾ കെ. ഡബ്ല്യു. എ യ്ക്കു തന്നെ നൽകാമെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ശ്രീ. എൻ. ജെ . ഫിലിപ്പിന്റെ അപേക്ഷ സർക്കാരിൽ നിന്ന് പാസ്സാക്കേണ്ടതുണ്ടോ; പ്രസ്തുത അപേക്ഷ സെക്രട്ടറിയേറ്റിലേക്ക് എന്നാണ് അയച്ചത്; ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; സെക്രട്ടറിയേറ്റ് ഫയൽ നമ്പർ ലഭ്യമാക്കുമോ;

(ഡി) ശ്രീ. എൻ. ജെ. ഫിലിപ്പിന്റെ എൽ. ഡബ്ല്യു. എ. അപേക്ഷ പാസ്സാക്കുന്നതിന് കെ. ഡബ്ല്യു. എ യിൽ ഉണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ഭൂഗർഭജല വകുപ്പിന്റെ വരൾച്ചാ ദുരതാശ്വാസ പദ്ധതികൾ</u>

2462

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജല വകുപ്പ് വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിനായി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സംവിധാനത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, ഓരോ മണ്ഡലത്തിനും എത്ര തുക വീതം അനുവദിച്ചുവെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ ധനസഹായം തേടുന്നതിനുള്ള നടപടികൾ</u>

2463 ശ്രീ. സി.എഫ്.തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി.യു.കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പൂർണ്ണമായി പരിഹരിക്കുന്നതിന് ലോകബാങ്ക്, എ.ഡി.ബി, നബാർഡ് തുടങ്ങിയവയിൽ നിന്ന് കൂടുതൽ ധനസഹായം തേടുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മാതൃകയിൽ കൂടുതൽ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ</u>

2464 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) കേടായ ശുദ്ധജല വിതരണ പൈപ്പുകൾ അടിയന്തിരമായി മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ പ്രസ്തുത പദ്ധതികളിൽപ്പെടുത്തുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ജല അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾക്ക് സമീപം ചെറുഡാമുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുമോ ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സമഗ്ര കുടിവെള്ള പദ്ധതി</u>

2465 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വീടുകളിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള ഒരു സമഗ്രകുടിവെള്ള പദ്ധതിക്ക് രൂപം നൽകുമോ;

(ബി) ആയതിനായി നിലവിൽ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>'ജലശ്രീ പദ്ധതി'</u>

2466 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾതോറും കുളങ്ങൾ കെട്ടി സംരക്ഷിക്കുന്ന 'ജലശ്രീ പദ്ധതി' ഇപ്പോൾ നിലവിലുണ്ടോ;

(ബി) □ജലശ്രീ പദ്ധതി□യിൽ 2012 -13 വർഷത്തിൽ ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ചീക്കോട് കുടിവെള്ള പദ്ധതി</u>

2467 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചീക്കോട് കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ബേപ്പൂർ മണ്ഡലത്തിലെ രാമനാട്ടുകര പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണത്തിന് കമ്പനി</u>

2468 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കുടിവെള്ള വിതരണത്തിന് കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) സർക്കാരിന് എത്ര ശതമാനം പങ്കാളിത്തമുള്ള കമ്പനിയാണ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ടാങ്കറുകളിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം</u>

2469 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ചയെ നേരിടാൻ ജലവിഭവ വകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(സി) വരൾച്ച മൂലമുണ്ടായ ഗുരുതരമായ സ്ഥിതി വിശേഷം മുതലെടുത്തുകൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ വെള്ളം വിതരണംചെയ്ത് സ്വകാര്യ വ്യക്തികൾ കൊള്ളലാഭം കൊയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന

2470 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഏർപ്പെടുത്തിയ സംവിധാനങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) മലിനജലം ശുദ്ധീകരിച്ചെടുക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഉപരിതല ജലസ്രോതസ്സുകളും ഭൂഗർഭജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

കുടിവെള്ള ലഭ്യതയും ഗുണനിലവാരവും

2471 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിണറുകളിലെയും മറ്റു കുടിവെള്ള സ്രോതസ്സുകളിലെയും ജലത്തിന്റെ ഗുണനിലവാരം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ശുദ്ധജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള കിണർ റീച്ചാർജിംങ്ങ് സംവിധാനത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

**സ്വകാര്യ വ്യക്തികൾ അനധികൃതമായി കുടിവെള്ളം ശേഖരിക്കുന്നതിനെതിരെ നടപടി**

2472 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകളിൽ നിന്ന് സ്വകാര്യ വ്യക്തികൾ അനധികൃതമായി കുടിവെള്ളം ശേഖരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) രാത്രികാലങ്ങളിൽ പൊതുടാപ്പുകളിൽ നിന്ന് ഹോസ് ഉപയോഗിച്ച് സ്വകാര്യ വ്യക്തികൾ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ജലം ശേഖരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ആയതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഡി) ജലത്തിന്റെ ദുരുപയോഗം തടയാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>ശുദ്ധജല സ്വയംപര്യാപ്തതയ്ക്കായി നിയമസഭാ മണ്ഡലം തലത്തിൽ പദ്ധതി</u>

2473 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴവെള്ള സംഭരണത്തിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളെ ശുദ്ധജലത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തമാക്കുന്നതിലേക്കായി നിയമസഭാ മണ്ഡലം തലത്തിലുള്ള ഒരു പദ്ധതിക്ക് രൂപം നൽകുന്നത് പരിഗണിക്കുമോ;

(ബി) ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെ ജലനിധി പദ്ധതി നടപ്പാക്കുന്നതിലേക്കായി ഈ സർക്കാർ പരിഗണിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്കുള്ള സഹായങ്ങൾ</u>

2474 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി (എ. ആർ. ഡബ്ല്യു. എസ്. പി.) കൾക്കായി 2012-2013-ൽ എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്;

(ബി) 2012-2013 വർഷത്തിൽ പ്രസ്തുത പദ്ധതികൾക്കായി സംസ്ഥാന വിഹിതമായി എന്തുതുക വകയിരുത്തിയെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്താകെ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം അനുമതി നൽകിയ ഓരോ പദ്ധതിയും ഏതൊക്കെ നിയോജമണ്ഡലത്തിലാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള മുൻകരുതൽ നടപടികൾ</u>

2475 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രൂക്ഷമായ വരൾച്ച കണക്കിലെടുത്ത് ജലലഭ്യതയ്ക്കായി എന്തെല്ലാം മുൻകരുതൽ നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുതയിനത്തിൽ എന്തു തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ശുദ്ധജലവിതരണത്തിന് കുറഞ്ഞനിരക്കിൽ വൈദ്യുതി നൽകാൻ നടപടി</u>

2476 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ശുദ്ധജലവിതരണത്തിനായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി വ്യാവസായിക നിരക്കിലാണ് കെ.എസ്.ഇ.ബി. ചാർജ്ജ് ഈടാക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശുദ്ധജലവിതരണത്തിനുള്ള വൈദ്യുതി കുറഞ്ഞനിരക്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; അതിലേക്കായി വകുപ്പുതല ചർച്ച നടത്താൻ തയ്യാറാകുമോ; വിശദമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി തികച്ചും സൗജന്യമായി നടത്തുന്ന മലിനജല നിർമ്മാർജ്ജന പദ്ധതികൾക്കുള്ള വൈദ്യുതി സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സൗജന്യമായി ജലം നൽകുന്നതുമൂലമുള്ള ബാദ്ധ്യത</u>

2477 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നിലവിൽ എത്ര ബി.പി.എൽ. കുടുംബങ്ങൾക്കാണ് സൗജന്യമായി ജലം വിതരണം ചെയ്യുന്ന തെന്നറിയിക്കുമോ;

(ബി) പ്രസ്തുതയിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് എത്ര രൂപയുടെ സാമ്പത്തികബാദ്ധ്യതയാണ് ഉണ്ടാകുന്നതെന്നറിയിക്കുമോ;

(സി) ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ശുദ്ധജലം നൽകുന്നതുമൂലമുള്ള ബാദ്ധ്യത ഒഴിവാക്കുവാൻ സർക്കാർ സാമ്പത്തികസഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>ജലസ്രോതസ്സുകൾ പുനഃരുദ്ധരിക്കുന്നതിന് നടപടി</u>

2478

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ച രൂക്ഷമായ സാഹചര്യത്തിൽ എന്തെല്ലാം നടപടികളാണ് വരൾച്ച നേരിടുന്നതിനായി കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) നാശോന്മുഖമായ ജലസ്രോതസ്സുകൾ പുനരുദ്ധരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കുഴൽക്കിണർ നിർമ്മാണത്തിനാവശ്യമായ ആധുനിക റിഗ്ഗുകൾ വാങ്ങാൻ നടപടി</u>

2479 ശ്രീ. എം. ഉമ്മർ
,, സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിലേക്കായി കുഴൽക്കിണറുകൾ നിർമ്മിച്ചു നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) കുഴൽക്കിണർ നിർമ്മാണത്തിന് ആവശ്യമായ വിവിധ തരം റിഗ്ഗുകളുടെ അപര്യാപ്തത പ്രസ്തുത കിണറുകളുടെ നിർമ്മാണത്തിന് തടസ്സമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കുഴൽക്കിണർ നിർമ്മാണത്തിനായി ആധുനിക റിഗ്ഗുകൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>കുഴൽക്കിണറുകൾ ഉപയോഗയോഗ്യമാക്കുന്നതിന് പദ്ധതി</u>

2480 ശ്രീ. ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രവർത്തനരഹിതമായ കുഴൽക്കിണറുകൾ ഉപയോഗയോഗ്യമാക്കുന്നതിനും പുതിയ കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനും പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ കുടിവെള്ളക്ഷാമം എത്രമാത്രം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നുള്ള വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ഭൂഗർഭ ജലനിരപ്പിലെ വ്യതിയാനം</u>

2481 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ബി. അബ്ദുൾ റസാക്
,, റ്റി. എ. അഹമ്മദ് കബീർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജല നിരപ്പിലെ വ്യതിയാനം നിരീക്ഷിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനം മുഖേന ഓരോ വർഷവും ജലവിതാനത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച് വിവരശേഖരണം നടത്താറുണ്ടോ ; എങ്കിൽ കഴിഞ്ഞ അഞ്ചുവർഷം ജലനിരപ്പിലുണ്ടായിട്ടുള്ള വ്യതിയാനത്തിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജലനിരപ്പിലെ ആശങ്കയുണർത്തുന്ന സ്ഥിതിവിശേഷത്തെക്കുറിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏറ്റവുമൊടുവിൽ റിപ്പോർട്ട് ലഭ്യമായതെന്നാണെന്നും ആയതിന്റെ വിശദാംശവും അറിയിക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ജലദുർവിനിയോഗം</u>

2482 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലദുർവിനിയോഗം തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഏതെല്ലാം വിധത്തിലുള്ള വിനിയോഗമാണ് ദുർവിനിയോഗമായി കണക്കാക്കുന്നത് എന്നറിയിക്കുമോ;

(സി) ജലം ദുർവിനിയോഗം ചെയ്യുന്നതിനുള്ള ശിക്ഷ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ജലക്ഷാമം സംബന്ധിച്ച പഠനം</u>

2483 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഭിമുഖീകരിക്കുന്ന ജലക്ഷാമം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ജനസംഖ്യാവർദ്ധനവുമായി ബന്ധപ്പെടുത്തി പ്രസ്തുത പ്രശ്നത്തെ സമീപിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ജലക്ഷാമം സംബന്ധിച്ച് സെന്റർ ഫോർ ഇക്കോളജിക്കൽ സയൻസ് നടത്തിയിട്ടുള്ള പഠനത്തിൽ കണ്ടെത്തിയിട്ടുള്ള വസ്തുതകളും നിഗമനങ്ങളും വിശദമാക്കുമോ;

(സി) ജലലഭ്യതയെ സംബന്ധിച്ച പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള മാപ്പിംഗ് ലഭ്യമാണോ;

(ഡി) ലഭ്യമായ ജലം മലിനപ്പെടാതെ സംരക്ഷിക്കാൻ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ഇ) ഈ സർക്കാർ പ്രസ്തുത മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കാമോ; പ്രസ്തുത പദ്ധതികളുടെ പുരോഗതിയുടെ വിശദാംശം അറിയിക്കുമോ;

(എഫ്) 'വാട്ടർ എയ്ഡ്' പദ്ധതിയിൽപ്പെടുത്തി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ജി) പാശ്ചാത്യ രാജ്യങ്ങളുടെ മാതൃകയിൽ 'ക്ലീൻ വാട്ടർ ആക്റ്റ്' നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പൊന്നാനി നഗരസഭയിലെ സമഗ്രകുടിവെള്ള പദ്ധതി</u>

2484

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നഗരസഭയിൽ സമഗ്ര കുടിവെള്ള പദ്ധതിക്കായുള്ള പ്രോജക്ട് തയ്യാറായിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തു തുക ചെലവു വരുമെന്ന് കണക്കാക്കിയിട്ടുണ്ട്;

(സി) ഏതു ഫണ്ടിൽ നിന്നാണ് പ്രസ്തുത പദ്ധതിക്കുള്ള തുക ലഭ്യമാവുകയെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി എപ്പോൾ മുതൽ നടപ്പിലാക്കിത്തുടങ്ങാനാകുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

ആനിക്കാട്-മല്ലപ്പള്ളി ശുദ്ധജല വിതരണ പദ്ധതി

2485 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ആനിക്കോട്-മല്ലപ്പള്ളി ശുദ്ധജല വിതരണ പദ്ധതി എതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>അമലാപുരം-തട്ടുപാറ കുടിവെള്ളപദ്ധതി</u>

2486 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2 കോടി 62 ലക്ഷം രൂപ അനുവദിച്ച അമലാപുരം-തട്ടുപാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുതപദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>നിരണം, കടപ്ര, നെടുമ്പ്രം പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി</u>

2487 ശ്രീ.മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ നിരണം, കടപ്ര, നെടുമ്പ്രം പഞ്ചായത്തുകൾക്കായി വിഭാവനം ചെയ്തിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കണ്ണിമംഗലം - പാണുപ്പാറ കുടിവെള്ള പദ്ധതി</u>

2488

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര പഞ്ചായത്തുകളായ മലയാറ്റൂർ, അയ്യംപുഴ തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള കണ്ണിമംഗലം - പാണുപ്പാറ കുടിവെള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ ആർക്കാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിലേക്കായി എന്തു തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുവെന്നും കരാർ പ്രകാരം പ്രവൃത്തി എന്നാണ് പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>തിരൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

2489 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) തിരൂർ നിയോജകമണ്ഡലത്തിലെ "വളവന്നൂർ-കല്പകഞ്ചേരി", "വെട്ടം- തലക്കാട്" എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഡി.പി.ആർ. പ്രകാരം മുൻഗണനാക്രമത്തിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) തിരൂർ നിയോജകമണ്ഡലത്തിൽ നടന്നു വരുന്നതും പുതുതായി നടപ്പിലാക്കാൻ പോകുന്നതുമായ കുടിവെള്ള പദ്ധതികൾ സമയബന്ധിതവും അടിയന്തിരവുമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

വാമനപുരം പഞ്ചായത്തിലെ ''പഞ്ചായത്തിൽ ഒരു കുളം'' പദ്ധതി

2490 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ ചെറുകിട കുടിവെള്ള പദ്ധതികൾക്ക് ഉപയുക്തമാക്കാൻ കഴിയുന്ന എത്ര ജല സ്രോതസ്സുകളുണ്ടെന്നുള്ള പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) ''പഞ്ചായത്തിൽ ഒരു കുളം'' പദ്ധതി നടപ്പിലാക്കുന്നതിന് വാമനപുരം മണ്ഡലത്തിൽ നിന്ന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രൊപ്പോസലിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രൊപ്പോസലിൽ ഏതെല്ലാം കുളങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ചെറുതാഴം സെൻസസ് ടൗൺ കുടിവെള്ള പദ്ധതി</u>

2491 ശ്രീ.റ്റി. വി.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ നിന്ന് ഒഴിവായ ഏഴോളം വാർഡുകളെ ഉൾപ്പെടുത്തിയുള്ള ചെറുതാഴം സെൻസസ് ടൗൺ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കാൻ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പറമ്പിക്കുളത്തെ മുഴുവന്‍ കുടുംബങ്ങള്‍ക്കും കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ പദ്ധതി</u>

2492 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പറമ്പിക്കുളത്തെ തൂണക്കടവ് ഡാമിലെ കുടിവെള്ള പദ്ധതിയില്‍ നിന്ന് എത്ര കോളനികളില്‍ കുടിവെള്ളം എത്തിക്കാന്‍ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങള്‍ക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി വിപുലീകരിക്കാന്‍ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പറമ്പിക്കുളത്തെ മുഴുവന്‍ കുടുംബങ്ങള്‍ക്കും കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ പദ്ധതി നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കില്‍ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

നെല്ലിയോട് –ജഡ്ജിക്കുന്ന് കുടിവെള്ള വിതരണ പദ്ധതി

2493 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പുഞ്ചക്കരി, പൂങ്കുളം, തിരുവല്ലം, വെള്ളാർ വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന നെല്ലിയോട്–ജഡ്ജിക്കുന്ന് കുടിവെള്ള വിതരണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്നത്തേക്ക് കുടിവെള്ളം നൽകാനാവുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കല്ലറ - പനവൂർ - പുല്ലമ്പാറ കുടിവെള്ള പദ്ധതി</u>

2494

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലറ - പനവൂർ - പുല്ലമ്പാറ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ പണി പൂർത്തിയാക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>അയ്യമ്പുഴ പഞ്ചായത്തിലെ ജലവിതരണം</u>

T. 2495 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ പ്ലാന്റേഷൻ മേഖലയിൽ ചാലക്കുടി പുഴയിൽ നിന്നുള്ള ശുദ്ധീകരിക്കാത്ത കുടിവെള്ളം പൈപ്പുകളിലൂടെ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത മേഖലയിൽ ഭൂഗർഭജലം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>മൂവാറ്റുപുഴയാറിലെ കുടിവെള്ള പദ്ധതികൾ</u>

2496 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴയാർ സ്രോതസ്സായിട്ടുള്ള എത്ര കുടിവെള്ള പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികൾക്കായി വേണ്ടിവരുന്ന വെള്ളത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള പദ്ധതികൾക്ക് ആവശ്യമായ വെള്ളത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട് എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പഠനങ്ങൾക്ക്നുസൃതമായ ജലലഭ്യത മൂവാറ്റുപുഴയാറിൽ ഉണ്ടായിട്ടുണ്ടോ;

(ഇ) മൂവാറ്റുപുഴയാറിൽ പുതുതായി ഏതെങ്കിലും കുടിവെള്ള പദ്ധതികളോ ജലസേചന പദ്ധതികളോ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണപദ്ധതികൾ</u>

2497 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പാനിൽ (എസ്.പി.എ.എൻ.) ഉൾപ്പെടുത്തി നടപ്പാക്കുന്ന ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണപദ്ധതിയിൽ ഇനി എത്ര ദൂരം പൈപ്പ്ലൈൻ സ്ഥാപിക്കാനുണ്ട്; വിശദാംശം നൽകുമോ;

(ബി) സ്പാനിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന കരിമ്പുഴ ശുദ്ധജലവിതരണപദ്ധതിയിൽ ഇനി എത്ര ദൂരം പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതുണ്ട്; ആയതിലേക്ക് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുതപദ്ധതിക്ക് ഇനി എത്ര തുക ആവശ്യമുണ്ട്; വിശദാംശം നൽകുമോ;

(സി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. മുഖേന നടപ്പാക്കുന്ന ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ശുദ്ധജല വിതരണപദ്ധതിയിൽ ഇനി എത്ര ദൂരം പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതുണ്ട്; ആയതിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുതപദ്ധതിക്ക് എത്ര ഫണ്ട് ആവശ്യമായിവരും; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കല്ലട ജലസേചന പദ്ധതിയിൽക്കൂടിയുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

2498 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായിക്കൊണ്ടിരിക്കുന്ന ജലക്ഷാമത്തിന് പരിഹാരമായി കല്ലട ജലസേചന പദ്ധതിയിൽക്കൂടിയുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുമോ; പ്രസ്തുത പദ്ധതിക്കാവശ്യമായ തുക അനുവദിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഏതെങ്കിലും കനാലുകൾ പുനലൂരിലേക്ക് നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

2499 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്നറിയിക്കുമോ;

(ബി) പ്രസ്തുത തടസ്സങ്ങൾ നീക്കി നിർമ്മാണം ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

നെടുമുടി പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി

2500

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം പമ്പ്ഹൗസുകളിലെ മോട്ടോറുകൾ/ട്യൂബ് വെല്ലുകൾ പ്രവർത്തനക്ഷമമല്ലെന്ന് വ്യക്തമാക്കുമോ;

(ബി) നെടുമുടി പഞ്ചായത്തിലെ ചമ്പക്കുളം, കനാൽജെട്ടി, നെൽപ്പുര മഠം, ചേന്നങ്കരി എന്നീ സ്ഥലങ്ങളിലെ ട്യൂബുവെല്ലുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>'ഇന്റഗ്രേറ്റഡ് ഡ്രിംങ്കിഗ് വാട്ടർ ആന്റ് സാനിട്ടേഷൻ പ്രോജക്ട് ഫോർ കുട്ടനാട്'</u>

2501 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഇന്റഗ്രേറ്റഡ് ഡ്രിംങ്കിംഗ് വാട്ടർ ആന്റ് സാനിട്ടേഷൻ പ്രോജക്ട് ഫോർ കുട്ടനാട്' എന്ന പദ്ധതി കുട്ടനാട്ടിലെ കാലപ്പഴക്കംചെന്ന പൈപ്പ് ലൈനുകൾമാത്രം മാറ്റുന്നതിനായി പരിമിതിപ്പെടുത്തി പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയെക്കുറിച്ച് ജനപ്രതിനിധികളുടെ അഭിപ്രായം ആരായുന്നതിനും പ്രൊപ്പോസലുകൾ പരിഗണിക്കുന്നതിനുമായി ഒരു യോഗം ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുകൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 13-ാം ധനകാര്യ കമ്മീഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രോജക്ടിന് ഫണ്ട് അനുവദിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കറുകുറ്റി - മൂക്കന്നൂർ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി</u>

2502

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി - മൂക്കന്നൂർ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ ആരംഭിച്ച 17 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>മീനാട് ശുദ്ധജല പദ്ധതിയിൽ നിന്നുള്ള ഹൗസ് കണക്ഷൻ</u>

2503 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മീനാട് ശുദ്ധജല പദ്ധതിയിൽനിന്ന് (ജപ്പാൻ കുടിവെളളം) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ എത്ര ഹൗസ് കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത കണക്ഷനുകൾ നൽകുന്നത് എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും കണക്ഷൻ നൽകുന്നതിനുള്ള മേൽനോട്ടം വഹിക്കുവാൻ ഏത് ഓഫീസിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ ;

(സി) ഒരു കുടുംബത്തിലേക്ക് കണക്ഷൻ ലഭിക്കുവാൻ ഒടുക്കേണ്ട തുക എത്രയാണെന്നും പ്രസ്തുത തുക എന്ത് ആവശ്യത്തിലേക്കാണ് ഈടാക്കുന്നതെന്നും അറിയിക്കുമോ ;

(ഡി) ഹൗസ് കണക്ഷൻ നൽകുന്ന ജോലികൾ നിർവ്വഹിക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത കരാറുകാരോ ഇടനിലക്കാരോ ഗുണഭോക്താക്കളിൽ നിന്ന് അമിത തുക ഈടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ഉപജലപാത ഗതാഗതയോഗ്യമാക്കുന്നതിന് നടപടി</u>

2504 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം കായലിന്റെ ആഴം വർദ്ധിപ്പിച്ച് ദേശീയ ജലപാതയിൽ നിന്നു ഡി.റ്റി.പി.സി. യുടെ അമിനിറ്റി സെന്ററിലേക്കുള്ള ഉപജലപാത നബാർഡ് സഹായത്തോടെ ഗതാഗതയോഗ്യമാക്കുന്നതിനിനായി സമർപ്പിച്ച പ്രൊപ്പോസലിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

ഗാർഹിക വാട്ടർകണക്ഷൻ വിച്ഛേദിച്ച നടപടി

2505

ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മാർക്കറ്റ് ജംഗ്ഷനിലെ പാലിയിൽ ഹൗസിലെ ശ്രീമതി രാധയുടെ പേരിലുള്ള ഗാർഹിക വാട്ടർ കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ;

(ബി) എന്തു കാരണത്താലാണ് പ്രസ്തുത കണക്ഷൻ വിച്ഛേദിക്കാനിടയായത് എന്ന് വ്യക്തമാക്കുമോ;

(സി) ശ്രീമതി രാധ, ഗൃഹ നിർമ്മാണത്തിന് വാട്ടർ അതോറിറ്റിയുടെ വെള്ളം ഉപയോഗിച്ചുവെന്നതിന് എന്തു തെളിവാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഒരു വർഷത്തെ മിനിമം ചാർജായ 500 രൂപ മുൻകൂറായി അടച്ചതിൽ ഡിസ്കണക്ഷൻ ചാർജ് മാത്രം ഈടാക്കി 397 രൂപ ഉപഭോക്താവിന് തിരിച്ചു കൊടുത്തതിൽ നിന്നും വാട്ടർമീറ്ററിലെ റീഡിംഗിൽ നിന്നും ഉപഭോക്താവ് വാട്ടർ അതോറിറ്റിയുടെ വെള്ളം ഉപയോഗിച്ചിട്ടില്ല എന്നത് വ്യക്തമാക്കുന്നില്ലേയെന്നറിയിക്കുമോ;

(ഇ) ശ്രീമതി രാധ തന്റെ വസ്തു മകന് കൈമാറ്റം ചെയ്തതുമൂലം 25 വർഷമായി ഉണ്ടായിരുന്ന കണക്ഷന് പകരം പുതിയ കണക്ഷൻ എടുക്കാനുള്ള നടപടിക്രമങ്ങൾ വീണ്ടും പാലിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്നറിയിക്കുമോ?